# <u>ടെൻഡർ / ലേല നോട്ടീസ്</u>

ആർ സി സി / കണ്ടമിനേഷൻ /110/2017 25/09/2017

ആർ സി സി ന്യൂക്ലിയർ മെഡിസിൻ ഡിവിഷനിൽ നിലവിൽ സ്റ്റോക്കിരിപ്പുള്ള ചെറുതും വലുതുമായ ലെഡ്പോട് ( 4.5 Kg & 9.5 Kg ) വാങ്ങുന്നതിന് വേണ്ടി താത്പര്യമുള്ള വ്യക്തികൾ സ്ഥാപനങ്ങൾ ഡീലർമാർ എന്നിവരിൽ നിന്നും വെള്ളകടലാസ്സിൽ തയ്യാറാക്കിയ മത്സരസ്വഭാവമുള്ള ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

മേൽപ്പറഞ്ഞ ലോഡ്പോട്ടിനു ഒരു കിലോഗ്രാമിന് എത്ര തുക നൽകാം എന്ന് രേഖപ്പെടുത്തി വേണം ടെൻഡർ സമർപ്പിക്കേണ്ടത്. ടെൻഡർ സമർപ്പിക്കുന്ന കവറിനു പുറത്തു ടെൻഡർ നമ്പർ രേഖപ്പെടുത്തിയിരിക്കണം. നിര്ദാദ്രവ്യമായി 20,000 രൂപ ഡയറക്ടർ ആർ സി സി എന്ന പേരിൽ ഡിമാൻഡ് ഡ്രാഫ്റ്റോ അല്ലെങ്കിൽ ആർ സി സി ക്യാഷ് കൗണ്ടറിൽ അടച്ച ക്യാഷ് രസീതോ ഉള്ളടക്കം ചെയ്തിരിക്കണം. നിരതദ്രവ്യ്യം ഇല്ലാത്ത ടെൻഡറുകൾ ഒരുകാരണവശാലും സ്വീകരിക്കുന്നതല്ല. വിൽപ്പന സ്ഥിരപ്പെടുത്തിയ കക്ഷി ലേലം പിടിച്ച ലെഡ്പോട് സ്വന്തം ചിലവിൽ ആർ സി സി അധികാരികളുടെ സാന്നിധ്യത്തിൽ ആർ സി സി യുടെ യന്ത്ര തുലാസിൽ തൂക്കം തിട്ടപ്പെടുത്തേണ്ടതാണ്. തൂക്കം തിട്ടപ്പെടുത്തിയ ലെഡ് പോട്ടുകളുടെ വിലയും, കൂടെ ജി എസ് ടി യും ചേർത്ത തുക നിരതദ്രവ്യമായി അടച്ച തുക 20000 രൂപ കിഴിച്ചു ബാക്കി ആർ സി സി ക്യാഷ് കൗണ്ടറിൽ അടച്ചു രസീത് കൈപ്പറ്റേണ്ടതാണ്. ടെൻഡർ സ്ഥിരപ്പെടുത്തിയ കക്ഷി ടെൻഡർ / ലേലം നടന്ന ദിവസം മുതൽ 7 ദിവസത്തിനുള്ളിൽ മേൽപ്പറഞ്ഞ ലെഡ് പോട്ടുകൾ നീക്കം ചെയ്യേണ്ടതാണ്.

ആർ സി സി യിൽ ക്വട്ടേഷൻ സമർപ്പിച്ചവരെ മാത്രം ഉൾപ്പെടുത്തി ആദ്യം പരസ്യ ലേലം നടത്തുന്നതായിരിക്കും. ലേല നടപടിക്രമം കഴിഞ്ഞതിനു ശേഷം ലേലത്തിൽ പങ്കെടുത്തവരുടെ സാന്നിധ്യത്തിൽ ക്വട്ടേഷൻ തുറക്കുന്നതായിരിക്കും. ലേലത്തിലോ ക്വട്ടേഷനിലോ ആരാണോ ഉയർന്ന തുക രേഖപ്പെടുത്തിയിരിക്കുന്നത് അവർക്കു ടെൻഡർ സ്ഥിരപ്പെടുത്തുന്നതായിരിക്കും. മതിപ്പുവില കുറവായാലോ മറ്റു കാരണങ്ങളാലോ ടെൻഡർ / ലേലം റദ്ദു ചെയ്യുന്നതിനുള്ള അധികാരം ആർ സി സി ഡിറക്ടറിൽ നിക്ഷിപ്തമായിരിക്കും. ഇത് സംബന്ധിച്ചു കൂടുതൽ വിവരങ്ങൾക്ക് ശ്രീ. രാജേന്ദ്രൻ കെ ആർ, ഇലക്ട്രിക്കൽ സൂപ്പർവൈസർ, ആർ സി സി (ഫോൺ നമ്പർ 9497851119 ) ബന്ധപ്പെടാവുന്നതാണ്.

ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി 28 .10 .2017 2 മണി.

ലേലം / ടെൻഡർ തുറക്കുന്ന തീയതി 28 .10 .2017 3 മണിക്ക്

ഡയറക്ടർ

പകർപ്പ്

1 മെഡിക്കൽ സൂപ്രണ്ട്

2 കൺട്രോളർ ഓഫ് ഫിനാൻസ്

3 വകുപ്പ് മേധാവി, ന്യൂക്ലിയർ മെഡിസിൻ വകുപ്പ്

4 ശ്രീ. രാജേന്ദ്രൻ കെ ആർ, ഇലക്ട്രിക്കൽ സൂപ്പർവൈസർ

5 നോട്ടീസ് ബോർഡ്